# മഹാത്മാഗാന്ധി സർവ്വകലാശാല

## 2025 ജനുവരി 10, വെള്ളിയാഴ്ച രാവിലെ 10.30-ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (25.01) നടപടിക്കുറിപ്പുകൾ

ഹാജരായ അംഗങ്ങൾ:

| | | |
|---|---|---|
| 1. | ഡോ. സി. ടി. അരവിന്ദകുമാർ | വൈസ് ചാൻസലർ (അദ്ധ്യക്ഷൻ) |
| 2. | ശ്രീ. ഹരികൃഷ്ണൻ പി. | സിൻഡിക്കേറ്റംഗം |
| 3. | ഡോ. സുരേഷ് എ എസ് | സിൻഡിക്കേറ്റംഗം |
| 4. | ഡോ. ജോജി അലക്സ് | സിൻഡിക്കേറ്റംഗം |
| 5. | ശ്രീ. അരുൺ കെ ശശീന്ദ്രൻ | സിൻഡിക്കേറ്റംഗം |
| 6. | ഡോ. സുജ ടി വി | സിൻഡിക്കേറ്റംഗം |
| 7. | ഡോ. ബിജു തോമസ് | സിൻഡിക്കേറ്റംഗം |
| 8. | ഡോ. സെനോ ജോസ് | സിൻഡിക്കേറ്റംഗം |
| 9. | ഡോ. ബൈജു കെ. ആർ. | സിൻഡിക്കേറ്റംഗം |
| 10. | ഡോ. അജിമോൻ ജോർജ്ജ് | സിൻഡിക്കേറ്റംഗം |
| 11. | ഡോ. ബിബിൻ കുര്യാക്കോസ് | സിൻഡിക്കേറ്റംഗം |
| 12. | ഡോ. ബാബു മൈക്കിൾ | സിൻഡിക്കേറ്റംഗം |
| 13. | ശ്രീ. പി. ബി. രതീഷ് | സിൻഡിക്കേറ്റംഗം |

സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സഖറിയ, അഡ്വ. പി. ബി. സതീഷ് കുമാർ എന്നിവർ ഓൺലൈനായി യോഗത്തിൽ പങ്കെടുത്തു.

രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും സന്നിഹിതയായിരുന്നു.

<u>അനുശോചന പ്രമേയം</u>

മുൻ എം.പിയും മുതിർന്ന മാധ്യമ പ്രവർത്തകനും ചലച്ചിത്ര നിർമാതാവും കവിയുമായിരുന്ന പ്രതീഷ് നന്ദി, മുതിർന്ന മാധ്യമ പ്രവർത്തകനും എഴുത്തുകാരനും നിരൂപകനും തിരക്കഥാകൃത്തുമായിരുന്ന എസ്. ജയചന്ദ്രൻ നായർ, മലയാളത്തിന്റെ പ്രിയ ഭാവ ഗായകൻ പി. ജയചന്ദ്രൻ എിവരുടെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

<u>റിപ്പോർട്ടിംഗ്</u>

സംസ്ഥാനത്തിന്റെ പുതിയ ഗവർണറായി ചുമതലയേറ്റെടുത്ത ബഹു: ചാൻസലർ രാജേന്ദ്ര അർലേക്കർ സർവ്വകലാശാല വൈസ് ചാൻസലർമാരുമായി യോഗം കൂടുകയും, സർവ്വകലാശാലയുടെ ഗവേണൻസ്, വിദ്യാർഥികൾ, അധ്യാപകർ, ഗവേഷണം മുതലായ കാര്യങ്ങളെപ്പറ്റി വൈസ് ചാൻസലർ യോഗത്തിൽ അറിയിച്ചതായും, ചാൻസലറെ സർവ്വകലാശാലയിലേക്ക് ക്ഷണിച്ചതായും യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

NIRF റാങ്കിങ്ങുമായി ബന്ധപ്പെട്ട വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനായി കമ്മിറ്റിയെ രൂപീകരിച്ചതായും, ആയതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തുവരുന്നതായും കഴിഞ്ഞ വർഷത്തെ റാങ്കിങ്ങിൽ വന്ന പോരായ്മകൾ പരിഹരിക്കുന്നതിനുള്ള കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നും യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**ഇനംനമ്പർ 01/25.01** PM USHA Project – Detailed Project Report – **അംഗീകാരം നൽകുന്നത് – സംബന്ധിച്ച്.**

PM USHA Project–ന്റെ Detailed Project Report സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

- PM USHA Project– Detailed Project Report–ന് അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.
- പദ്ധതിയുടെ ഭാഗമായി മുട്ടത്തെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് കെട്ടിടത്തിന് കോമ്പൗണ്ട് വാൾ, ഡ്രെയിൻ എന്നിവയും യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിങ് ക്യാമ്പസിൽ നിന്നും സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് വരെ പുതിയ റോഡ് നിർമ്മാണം, ഗേറ്റ് പിടിപ്പിക്കൽ, ലാൻഡ്സ്കേപ്പിംഗ് വർക്ക്സ് മുതലായ പ്രവർത്തികളുടെ DPR ഉം, സർവ്വകലാശാല എൻജിനീയർ സമർപ്പിച്ച 60,00,000 (അറുപത് ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റും അംഗീകരിക്കുന്നതിന് തീരുമാനിച്ചു.
- DPR–ൽ ഉൾപ്പെടുത്തിയിട്ടുള്ള, Phase 1 Construction of a dedicated building for FYUGP and Integrated programs (Cluster Classroom for New Programmes)–മായി ബന്ധപ്പെട്ട് ലഭിക്കുന്ന Expression of Interest ഉൾപ്പെടെയുള്ള എല്ലാ തുടർനടപടികളും സ്വീകരിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ: 02/25.01** **വാർഷിക റിപ്പോർട്ട് 2024 – അംഗീകാരം – സംബന്ധിച്ച്**

"വാർഷിക റിപ്പോർട്ട് (Annual Report 2024)"–ൻറെ കരട് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

(അനുബന്ധം)

**ഔട്ട് ഓഫ് അജൻഡ**

**ഇനംനമ്പർ: ഒ.എ.01/25.01** **2024–'25 അധ്യയന വർഷം മുതലുള്ള മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ കോളേജിയേറ്റ് കലോത്സവത്തിൽ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തുന്നത് – റിപ്പോർട്ട് അംഗീകരിക്കുന്നത്–സംബന്ധിച്ച്.**

20.11.2024 തീയതിയിലെ സർവകലാശാല ഉത്തരവ് നമ്പർ 10505/DSS/2024/എം.ജി.യു പ്രകാരം രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ഇനംനമ്പർ: ഒ.എ.02/25.01** **സുപ്രീം കോടതിയിലെ സർവ്വകലാശായുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പ് – ഓൺ റെക്കോർഡ്സ് (AoR)–ന്റെ പാനൽ രൂപീകരിക്കുന്നത് – സംബന്ധിച്ച്.**

സുപ്രീം കോടതിയിൽ സർവ്വകലാശായുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പിലേക്ക്, അഡ്വ. സുഭാഷ് ചന്ദ്രൻ കെ. ആർ., അഡ്വ. സാക്ഷി കക്കർ, അഡ്വ. ജി. പ്രകാശ് എന്നിവരടങ്ങുന്ന അഡ്വക്കേറ്റ് ഓൺ റെക്കോർഡ്സ് (AoR)–ന്റെ പാനൽ രൂപീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

[ വായിച്ചു, സ്ഥിരീകരിച്ചു ]

പി.ഡി. ഹിൽസ്,
10.01.2025

**രജിസ്ട്രാർ**